# ഈ ഡോളറിന്റെ ഓരോ കളികളേയ്...

**ആണവവൈദ്യുതിയു**ടെ ഒറ്റക്കുറവേയുള്ളൂ ഇന്ത്യ വികസിക്കുന്നതിന് തടസ്സമായിട്ട്! ബാക്കിയുള്ളതെല്ലാം ഡോ. മൻമോഹൻ സിംഗ് കൊണ്ടുവന്നു കഴിഞ്ഞു. അരയും തലയും മുറുക്കി രംഗത്തിറങ്ങിയ കോൺഗ്രസ്സുകാരും ഒപ്പമുള്ള കാലുമാറ്റക്കാരും വിശദീകരിക്കുന്നതു കേട്ടാൽ അതാണ് ഏതൊരാൾക്കും തോന്നാനിടയുള്ള സംശയം. അമേരിക്കയിലേക്ക് വിമാനം കയറുന്നതു വരെ സാമ്രാജ്യത്വത്തിനെതിരെ വിപ്ലവം പ്രസംഗിച്ചു നടന്ന അമർസിംഗ് തിരിച്ചെത്തിയപ്പോൾ 'എന്തതിശയമേ' എന്നു പാടിത്തുടങ്ങിയത് കർത്താവിന്റെ മറിമായം. കോൺഗ്രസ്സിനെ അനുകൂലിച്ചു വോട്ടുചെയ്യാൻ വരട്ടെ, എനിക്കെന്തു കിട്ടുമെന്നു ചോദിച്ചു തപ്പിത്തടഞ്ഞു നിൽക്കുന്ന എം.പിമാരുടെ കാര്യത്തിൽ ഇനി സംഭവിക്കാൻ പോകുന്നതും ഇതേ മതിഭ്രമമാണ്. പണത്തിന്റെ വിളയാട്ടം ആരംഭിക്കാനിരിക്കുന്നതേയുള്ളൂ. ആണവോർജം അക്ഷരാർഥത്തിൽ ഒരു കൽപ്പധേനുവാണ്. ചിലർക്കു പണം നേർക്കുനേരെ. വെയ് രാജാ വെയ്. വോട്ടിനു കാശ്! മറ്റു ചിലർക്ക് വളഞ്ഞവഴിയിൽ. അതിന്റെ സൂത്രം പഠിക്കണമെങ്കിൽ അമേരിക്കയിലെ തിരുമാലികൾക്ക് ചെവിവെച്ചു കൊടുക്കണം. അമർസിംഗിന്റെ കാര്യത്തിൽ ചെയ്തതു പോലെ അവർ പഠിപ്പിച്ചുതരും 'ആണവ ഇന്ധനം മഹാശ്ചര്യ'മാകുന്നതിന്റെ വഴികൾ എങ്ങനെയെന്ന്.

മൊത്തം 4,00,000 കോടി രൂപയുടെ ബിസിനാണത്രെ ഈ ആണവ കരാർ! കഴിഞ്ഞ 30 വർഷമായി ആണവ വൈദ്യുത നിലയങ്ങൾ ലാഭകരമല്ലെന്നു കണ്ട് നിർത്തിവെച്ച അമേരിക്കയിലെ ബിസിനസുകാർ ഈ 21-ാം നൂറ്റാണ്ടിൽ ഇതുപോലൊരു ചാകരക്കോള് കിട്ടുമെന്ന് സ്വപ്നത്തിൽ പോലും പ്രതീക്ഷിച്ചിട്ടുണ്ടാവില്ല. ബുഷിന്റെ സന്ദർശനവേളയിൽ ഇന്ത്യയിലെത്തിയ 250 അംഗ അമേരിക്കൻ വാണിജ്യ പ്രതിനിധി സംഘത്തിൽ 30 പേർ ആണവ വ്യവസായികളായിരുന്നുവെന്നാണ് അറിവ്. ഹൈഡ് ആക്ട് പാസ്സാക്കുന്നതിനും മുമ്പെ തന്നെ ഇക്കൂട്ടർ ഇന്ത്യയെ ലക്ഷ്യമിട്ടു കഴിഞ്ഞിരുന്നുവെന്നർഥം. വ്യവസായികളോടൊന്നും കോൺഗ്രസ്സിന് ഒരു പഥ്യവുമില്ല. കോൺഗ്രസ് കെ ഹാഥ് ആം ആദ്മി കെ സാഥ്! മുകേഷ് അംബാനി പ്രധാനമന്ത്രിയുടെ ഓഫീസിന്റെ തിണ്ണ നിരങ്ങിയത് ചുമ്മാ. ചേട്ടനും അനിയനും തമ്മിലുള്ള തർക്കത്തിൽ പ്രധാനമന്ത്രിയെ ഇടപെടുവിച്ചുവെന്ന ആ വാർത്തയേക്കാൾ വലിയ അസംബന്ധം വേറെയെന്തുണ്ട്? ആണവക്കച്ചവടത്തിൽ അംബാനി കൂറുചേരുന്നതും എം.പിമാരെ വാങ്ങാൻ കള്ളപ്പണം കൊടുക്കുന്നതുമൊന്നും ഈ സന്ദർശനവുമായി ചേർത്തുവായിക്കാൻ ധൈര്യമുള്ള ഒരുത്തനും രാജ്യത്തില്ലാതെ പോയി. പണ്ട് ഝാർഖണ്ഡ് മുക്തി മോർച്ചക്കാരെ വിലയ്ക്കുവാങ്ങിയത് ഓഹരി ദല്ലാൾ ഹർഷദ് മേത്തയുടെ പണപ്പെട്ടി കൊണ്ടായിരുന്നുവെന്നാണ് കേൾവി. ഏതായാലും കച്ചവടം പൊടിപൊടിക്കുകയാണ്. ഒരു പാർലമെന്റംഗത്തിന് 25 കോടി വരെയായി കോൺഗ്രസ്സിന്റെ കാളച്ചന്തയിൽ ലേലത്തുക ഉയർന്നതായാണ് കേൾവി. രാഹുൽ ഗാന്ധി വരെ ആണവ കരാറിന്റെ 'ഗുണഫലങ്ങളെ' കുറിച്ച് പ്രസംഗിക്കാൻ തുടങ്ങിയിരിക്കുന്നു. ഡോളറിന്റെ ഓരോ കളികളേയ്!...

കാശുവരുന്ന വഴികൾ കണ്ട് കണ്ണു മഞ്ഞളിച്ചപ്പോൾ കേന്ദ്രസർക്കാറിന് യാഥാർഥ്യബോധം തന്നെ നഷ്ടപ്പെടുകയാണുണ്ടായത്. 2020 ആകുമ്പോഴേക്കും 20,000 മെഗാവാട്ട് ആണവ വൈദ്യുതി ഉൽപ്പാദിപ്പിക്കുമെന്ന് തുടക്കത്തിൽ പറഞ്ഞിരുന്നവർ ഇപ്പോൾ 40,000 മെഗാവാട്ടിനെ കുറിച്ചാണ് പ്രസംഗിക്കുന്നത്. അമേരിക്കൻ വ്യവസായികൾ പുളകം കൊള്ളട്ടെ. നിലവിൽ വെറും 3 ശതമാനം വൈദ്യുതി ഉൽപാദിപ്പിക്കുന്ന ഇന്ത്യൻ നിലയങ്ങളിൽ ഒറ്റയടിക്ക് പത്തിരട്ടി വർധന. പക്ഷേ എങ്ങനെ ഉൽപ്പാദിപ്പിക്കും? അതിനുള്ള റിയാക്ടറുകൾ നമ്മുടേതായിരിക്കുമോ അതോ വിദേശത്തു നിന്നു വരുമോ? ഇക്കാര്യത്തിൽ അപ്പം തിന്നാൽ മാത്രം പോര. ഭാവിയിൽ 'കുഴിയെണ്ണാ'തിരിക്കുകയും വേണം. അമേരിക്കയിലും ഫ്രാൻസിലും മറ്റും പൊടിപിടിച്ചു കിടക്കുന്ന ആണവ റിയാക്ടറുകളും കെട്ടിക്കിടക്കുന്ന 'ഇന്ധനവും' ഇന്ത്യയിൽ കപ്പലിറങ്ങുന്നതോടെ വൈദ്യുതിയുടെ മഹാമഹം എന്ന് അലറിവിളിച്ചു നടക്കുന്ന രാഷ്ട്രീയക്കാരന് അറിയില്ല, ഒരു റിയാക്ടർ ഇന്ത്യൻ സാങ്കേതിക വിദ്യയുമായി ചേരാതിരുന്നാൽ അതിന്റെ പരിസരത്ത് ജീവിക്കുന്നവരുടെ കാര്യം എന്താകുമെന്ന്. ത്രീമൈൽ ഐലന്റിലും ചെർണോബിലിലും സംഭവിച്ചത് എന്തായിരുന്നുവെന്ന് ഇവരൊക്കെ ഒരാവൃത്തി മനസ്സിലാക്കി വെക്കുന്നത് നന്ന്.

യൂനിറ്റൊന്നിന് 5 രൂപയിലധികം വൈദ്യുതിക്ക് വിലയീടാക്കിയാൽ ജനങ്ങൾ തെരുവിലിറങ്ങുന്ന രാജ്യമാണ് നമ്മുടേത്. പരമ്പരാഗത വൈദ്യുത നിലയങ്ങളല്ലാത്തവ ഇന്ത്യയിൽ വേരു പിടിക്കാത്തതിന്റെ കാരണവും മറ്റൊന്നല്ല. കായംകുളത്തെ താപവൈദ്യുതിക്ക് കൊടുക്കേണ്ട വില 12 രൂപയോളമായതു കൊണ്ടാണ് സംസ്ഥാനത്ത് ഇത്രയധികം വൈദ്യുതിക്ഷാമമുണ്ടായിട്ടും അര മണിക്കൂർ വീതം ഇരുട്ടിൽ കഴിയാൻ തയാറായി നാം സഹനമവലംബിക്കുന്നത്. നാഫ്തയുടെ കുതിച്ചുയരുന്ന വില താങ്ങാനാവാതെ വന്നതു കൊണ്ട് മഹാരാഷ്ട്രയിലെ ധാബോളിൽ എൺറോൺ താപവൈദ്യുത നിലയം അടച്ചു പൂട്ടേണ്ടി വന്നു. ഈ ഇന്ത്യയിലേക്കാണ് യൂനിറ്റിന് 18 രൂപ വിലയുള്ള ആണവവൈദ്യുതി കൊണ്ടുവന്ന് ഡോ. മൻമോഹൻ സിംഗ് വിപ്ലവം ഉണ്ടാക്കാനൊരുങ്ങുന്നത്. 18 രൂപയെന്നത് ഇപ്പോഴത്തെ ഒരു കണക്കാണ്. അമേരിക്കയുടെയും ഫ്രാൻസിന്റെയുമൊക്കെ ആണവ റിയാക്ടറുകൾ സ്ഥാപിച്ചു കഴിഞ്ഞാൽ അന്നത്തെ വില എന്താവുമെന്ന് കണ്ടുതന്നെ അറിയേണ്ടി വരും. ലോകത്ത് ഏറ്റവുമധികം യുറേനിയം ഉൽപാദിപ്പിക്കുന്ന ആസ്ത്രേലിയയിൽ ഒറ്റ ആണവ വൈദ്യുത നിലയവും പ്രവർത്തിക്കാത്തത് എന്തുകൊണ്ടെന്നോ? താങ്ങാനാവാത്ത ഉൽപാദന ചെലവ് തന്നെ കാരണം. ആണവകരാർ രാജ്യത്തിന് ഗുണം ചെയ്യുമെന്നും അത് ദേശീയ താൽപര്യമാണെന്നും പറയുന്ന രാഷ്ട്രീയക്കാർ ആണവ ഊർജത്തെ കുറിച്ച് ഏറെയൊന്നും ചർച്ച ചെയ്യാൻ താൽപര്യം കാണിക്കുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധിക്കുക.

അമേരിക്കക്ക് കച്ചവടത്തിലെ ലാഭം മാത്രമേ നൽകൂ എന്ന് ഇന്ത്യ ശഠിച്ചാലും അവർ ആണവ കരാറുമായി നമ്മുടെ പുറകെ വരുമായിരുന്നു. പക്ഷേ ഈ കൊള്ളക്കച്ചവടത്തിന്റെ പങ്ക് തരണമെങ്കിൽ വിദേശകാര്യനയം കൂടി പണയം നൽകണമെന്ന വിലപേശലിൽ അവർ ജയിച്ചു. തലക്കകത്ത് കളിമണ്ണും മനസ്സിൽ പണത്തോടുള്ള ആർത്തിയുമുള്ള നമ്മുടെ ഭരണാധികാരികൾ തോറ്റു. രാജ്യത്തെ വിറ്റുതുലക്കുന്ന ഈ ഏർപ്പാട് ഒടുക്കം എം.പിമാരുടെ വോട്ടെണ്ണം എത്രയുണ്ടെന്ന വെറും തലയെണ്ണൽ ചർച്ചയായി മാറുകയും ചെയ്തു. ■